പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1712

16.3.2015-ൽ മറുപടിക്ക്

അർബൻ 2020 പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി ഡി സതീശൻ<br>" പി. സി വിഷ്ണുനാഥ്<br>" ലൂഡി ലൂയിസ്<br>" എ.പി.അബ്ദുള്ളക്കുട്ടി | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അർബൻ 2020 പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (എ) | അർബൻ 2020 എന്ന പദ്ധതിക്ക് 2014 ഒക്ടോബർ 15-ാം തീയതി തുടക്കം കുറിച്ചിട്ടുണ്ട്. നഗര വികസനവുമായി ബന്ധപ്പെട്ട വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനാവശ്യമായ സാങ്കേതിക, സാമ്പത്തിക സഹായം നഗരസഭകൾക്ക് ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടാണ് പ്രസ്തുത പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുള്ളത്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | നഗരവികസനവുമായി ബന്ധപ്പെട്ട സമസ്ത മേഖലകളുടേയും ദീർഘകാല വികസനം മുന്നിൽ കണ്ടുകൊണ്ടുള്ള വിശദവും യോഗ്യവുമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് നഗരസഭകൾക്ക് സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക എന്നതാണ് അർബൻ 2020 പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. സ്വന്തം നിലയിൽ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനാവശ്യമായ നൂതനമായ സാങ്കേതിക പരിജ്ഞാനവും, തനത്ഫണ്ടും ലഭ്യമല്ലാത്ത നഗരസഭകൾക്ക് ഉയർന്ന സാങ്കേതിക വൈദഗ്ദ്ധ്യമുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡിപിആറുകൾ) കാലേകൂട്ടി തയ്യാറാക്കുന്നതിനും, പ്രസ്തുത ഡിപിആറുകൾ ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര സർക്കാരും മറ്റ് ഫണ്ടിങ് ഏജൻസികളും നൽകിവരുന്ന ഗ്രാന്റുകൾ നേടിയെടുക്കുന്നതിനും നഗരസഭകളെ സഹായിക്കുകയുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. |

| | | | |
|---|---|---|---|
| സി) | നഗരപദ്ധതികളുടെ മുഖഛായ മാറ്റാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുളളത്; | (സി) | വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ, സോളിഡ് വേസ്റ്റ് മാനേജ്മെന്റ്, അർബൻ ട്രാൻസ്പോർട്ട്, റോഡ്സ് ആന്റ് ബ്രിഡ്ജസ്, അർബൻ റിന്യൂവൽ (ഹെറിറ്റേജ്, മാർക്കറ്റ്, ആർകിടെക്ച്ചറൽ വർക്സ്) എന്നീ നാല് മേഖലകളിൽ ദീർഘകാല അടിസ്ഥാനസൗകര്യ വികസനം ലക്ഷ്യമാക്കിയുളള പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനാവശ്യമായ കാര്യങ്ങളാണ് അർബൻ 2020 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുളളത്. |
| ഡി) | പദ്ധതിയുടെ നിർവ്വഹണത്തിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദമാക്കുമോ ? | (ഡി) | പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസിയായി കെ.എസ്.യു.ഡി.പിയെയും , ഡിപി ആറുകൾ തയ്യാറാക്കുന്ന കൺസൾട്ടൻസി സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിനും ഡി പി ആറുകൾക്ക് അന്തിമ അംഗീകാരം നൽകുന്നതിനുമായി തദ്ദേശസ്വയംഭരണ (നഗരകാര്യ) വകുപ്പ് സെക്രട്ടറി ചെയർമാനായി ഒരു സംസ്ഥാനതല സെലക്ഷൻ കമ്മിറ്റിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കൺസൾട്ടൻസി സ്ഥാപനങ്ങൾ മുഖേന നഗരസഭകൾ തയ്യാറാക്കുന്ന പ്രോജക്ടുകളുടെ വിലയിരുത്തലിന് നാല് ടെക്നിക്കൽ എക്സ്പർട്ട് കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ